പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2993 13.07.2015 ൽ മറുപടിക്ക്

## സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡം

| ചോദ്യം<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. ഷാഫി പറമ്പിൽ | മറുപടി<br>ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് പോലീസ് സേനയിലെ സ്ഥലം മാറ്റത്തിന് മാനദണ്ഡം ഏർപ്പെടുത്തിയിട്ടുണ്ടോ; | എ) സംസ്ഥാനത്ത് പോലീസ് സേനയിലെ സ്ഥലം മാറ്റത്തിന് മാനദണ്ഡം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബറ്റാലിയൻ, എ.ആർ ക്യാമ്പുകളിലെ പോലീസുകാർക്ക് പൊതുസ്ഥലം മാറ്റം ഉണ്ടാകാറില്ല. |
| ബി) ഏതെല്ലാം ഉദ്യോഗസ്ഥന്മാർക്കാണ് സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡം ബാധകമായി വരുന്നത് ; | ബി) എക്സിക്യൂട്ടീവ് ഡയറക്ടീവ് നം.09/14 പ്രകാരം സിവിൽ പോലീസ് ഓഫീസർ മുതൽ സബ് ഇൻസ്പെക്ടർ റാങ്കുവരെയുള്ളവരുടെ പൊതുസ്ഥലം മാറ്റം സംബന്ധിച്ച മാനദണ്ഡം ബാധകമാക്കിയിട്ടുണ്ട്. |
| സി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കുവാൻ ഉദ്ദേശിക്കുന്നത്? | സി) പൊതുസ്ഥലം മാറ്റം നീതിപൂർവ്വമാക്കുന്നതിനുവേണ്ടിയാണ് മാനദണ്ഡം നിശ്ചയിച്ചിട്ടുള്ളത് |

സെക്ഷൻ ഓഫീസർ